File No.FWLD-D3/26/2020-FWLD

C/5552
17/3/21

"ഭരണഭാഷ" മാതൃഭാഷ"

കേരള സർക്കാർ

15 YEARS OF CELEBRATING THE MAHATMA

നമ്പർ.26/ഡി3/2020/വനം
വനം വന്യജീവി (ഡി) വകുപ്പ്,
തിരുവനന്തപുരം
തിയതി: 05/03/2021

അനൗദ്യോഗിക കുറിപ്പ്

വിഷയം:- വനം വന്യജീവി വകുപ്പ് - കേരള വനം വികസന കോർപ്പറേഷനിൽ കഴിഞ്ഞ 10 വർഷത്തിൽ കൂടുതലായി ദിവസവേതനാടിസ്ഥാനത്തിൽ ജോലിചെയ്തു വരുന്ന രണ്ട് ജീവനക്കാരെ സ്ഥിരപ്പെടുത്തുന്നത് - സംബന്ധിച്ച് .

സൂചന:- 15/02/2021-ലെ മന്ത്രിസഭാ യോഗത്തിനായുള്ള അജണ്ട, ഇനം നം. 4693.

സൂചനയിലേക്ക് പൊതു ഭരണ (എസ്.സി) വകുപ്പ്, വിവര പൊതുജന സമ്പർക്ക (വെബ് & ന്യൂമീഡിയ) വകുപ്പുകളുടെ ശ്രദ്ധ ക്ഷണിക്കാവുന്നതും കേരള വനം വികസന കോർപ്പറേഷനിൽ കഴിഞ്ഞ 10 വർഷത്തിൽ കൂടുതലായി ദിവസവേതനാടിസ്ഥാനത്തിൽ ജോലിചെയ്തു വരുന്ന രണ്ട് ജീവനക്കാരെ സ്ഥിരപ്പെടുത്തുന്നതിനായുള്ള ശിപാർശ 15/02/2021-ലെ മന്ത്രിസഭാ യോഗത്തിനായുള്ള അജണ്ടയിൽ ഉൾപ്പെടുത്തിയിരുന്നെങ്കിലും, പ്രസ്തുത ശിപാർശ തീരുമാനം കൈകൊള്ളാതെ പിൻവലിക്കപ്പെട്ടതിനാൽ ഫയലിലെ തുടർ നടപടികൾ അവസാനിപ്പിച്ചിട്ടുണ്ടെന്ന വിവരം പ്രസ്തുത വകുപ്പുകളെ അറിയിക്കാവുന്നതാണ്.

**MANOJ K**
**UNDER SECRETARY**

പൊതു ഭരണ (എസ്.സി) വകുപ്പ്.
വിവര പൊതുജന സമ്പർക്ക (വെബ് & ന്യൂമീഡിയ) വകുപ്പ്

ഉത്തരവിൻ പ്രകാരം
Signature valid
Digitally signed by ASHARAF A
Date: 2021.03.05 14:49:48 IST
Reason: Approved

സെക്ഷൻ ഓഫീസർ.

രഹസ്യം

കേരള സർക്കാർ

# മന്ത്രിസഭായോഗത്തിന്റെ നടപടിക്കുറിപ്പുകൾ

തീയതി : 15-02-2021

ഫയൽ നം. FWLD-D3/26/2020-FWLD. ഇനം നം: 4693

വിഷയം : വനം വന്യജീവി വകുപ്പ് - കേരള വന വികസന കോർപ്പറേഷനിൽ കഴിഞ്ഞ 10 വർഷത്തിൽ കൂടുതലായി ദിവസവേതനാടിസ്ഥാനത്തിൽ ജോലി ചെയ്തു വരുന്ന ശ്രീ. റിനു വി. ഒ., ശ്രീമതി. സിന്ധു പി. എം. എന്നിവരെ പ്യൂൺ ഗ്രേഡ് II വിഭാഗത്തിൽ സ്ഥിരപ്പെടുത്തുന്നത്.

തീരുമാനം : പിൻവലിച്ചു.

(ഒപ്പ്)
പിണറായി വിജയൻ
മുഖ്യമന്ത്രി
(ശരിപ്പകർപ്പ്)

ഡോ. വിശ്വാസ് മേത്ത
ചീഫ് സെക്രട്ടറി

പ്രിൻസിപ്പൽ സെക്രട്ടറി, വനം-വന്യജീവി വകുപ്പ്.

"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**
**(ശ്രീ. പിണറായി വിജയൻ മന്ത്രിസഭ)**
**മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പ്**

15 YEARS OF CELEBRATING THE MAHATMA

| | | |
|---|---|---|
| 1. | ഫയൽനമ്പർ | File No: FWLD-D3/26/2020-FWLD |
| 2. | വകുപ്പ് | വനം വന്യജീവി (ഡി) വകുപ്പ് |
| 3. | വിഷയം | കേരള വന വികസന കോർപ്പറേഷനിൽ കഴിഞ്ഞ 10 വർഷത്തിൽ കൂടുതലായി ദിവസ വേതനാടിസ്ഥാനത്തിൽ ജോലി ചെയ്തു വരുന്ന ശ്രീ.റിനു വി.ഒ, ശ്രീമതി. സിന്ധു പി. എം എന്നിവരെ പ്യൂൺ ഗ്രേഡ് II വിഭാഗത്തിൽ സ്ഥിരപ്പെടുത്തുന്നത് - സംബന്ധിച്ച്. |
| 4. | മന്ത്രിസഭായോഗത്തിൽ സമർപ്പിക്കാനുള്ള മുഖ്യമന്ത്രിയുടെ ഉത്തരവ് തീയതി | 28/10/2020 |
| 5. | (i)ഇത് സാമ്പത്തികബാധ്യതയുള്ളതാണോ? | അതെ |
| | (ii)സാമ്പത്തികബാധ്യതയുള്ളതാണെങ്കിൽ ധനകാര്യവകുപ്പമായി ആലോചിച്ചിട്ടുണ്ടോ, ഉണ്ടെങ്കിൽ അവരുടെ അഭിപ്രായം മന്ത്രിസഭായോഗത്തിനുള്ള കുറിപ്പിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടോ | ഉണ്ട് |
| 6. | മറ്റേതങ്കിലും വകുപ്പമായി ആലോചിച്ചിട്ടുണ്ടോ ഉണ്ടെങ്കിൽ അവരുടെ അഭിപ്രായം മന്ത്രിസഭായോഗത്തിനുള്ള കുറിപ്പിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടോ? | ഉണ്ട് |
| 7. | കുറിപ്പ് സമർപ്പിച്ച ജോയിന്റ് സെക്രട്ടറിയുടെ പേര് | സുരേഷ് കുമാർ കെ. |
| 8. | കുറിപ്പ് അംഗീകരിച്ച പ്രിൻസിപ്പൽ സെക്രട്ടറിയുടെ പേര് | രാജേഷ് കുമാർ സിൻഹ ഐ.എ.എസ് |
| 9. | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് പ്രിൻസിപ്പൽ സെക്രട്ടറി അംഗീകരിച്ച തീയതി | 03/02/2021 |
| 10. | കുറിപ്പ് അംഗീകരിച്ച ചീഫ് സെക്രട്ടറിയുടെ പേര് | ഡോ. വിശ്വാസ് മേത്ത ഐ.എ.എസ് |
| 11. | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് ചീഫ് സെക്രട്ടറി അംഗീകരിച്ച തീയതി | 09/02/2021 |
| 12. | കുറിപ്പ് അംഗീകരിച്ച മന്ത്രിയുടെ പേര് | അഡ്വ. കെ. രാജു |
| 13. | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് മന്ത്രി അംഗീകരിച്ച തീയതി | 11/02/2021 |
| 14. | കുറിപ്പിന്റെ പകർപ്പുകൾ സമർപ്പിച്ച തീയതി | |
| 15. | മന്ത്രിസഭായോഗം തീരുമാനമെടുത്ത തീയതി | |
| 16. | തീരുമാനം പുറപ്പെടുവിച്ച സർക്കാർ ഉത്തരവ്/ കത്തിന്റെ നമ്പറും തീയതിയും | |

## മന്ത്രിസഭായോഗത്തിനുള്ള കുറിപ്പ്

കേരള വന വികസന കോർപ്പറേഷനിൽ (കെ.എഫ്.ഡി.സി) കഴിഞ്ഞ 17 വർഷക്കാലമായി ദിവസവേതനാടിസ്ഥാനത്തിൽ വാച്ചറായും പ്യൂണായും ജോലി ചെയ്തു വരുന്ന ശ്രീ.റിനു.വി.ഒ-യെയും, മറ്റ് വകുപ്പുകളിലും കെ.എഫ്.ഡി.സി-യിലുമായി 11 വർഷത്തിലേറെയായി സിസ്റ്റം സൂപ്പർവൈസർ, അസിസ്റ്റന്റ് പ്രോഗ്രാമർ, അസിസ്റ്റന്റ് ഗ്രേഡ് II, എന്നീ തസ്തികകളിൽ ദിവസവേതനാടിസ്ഥാനത്തിൽ എംപ്ലോയ്മെൻറ് എക്സ്ചേഞ്ച് മുഖേനയും അല്ലാതെയും, സേവനമനുഷ്ഠിച്ച് വരുന്ന അംഗപരിമിതയായ ശ്രീമതി സിന്ധു പി.എം.-നെയും, കെ.എഫ്.ഡി.സി-യിൽ പ്യൂൺ ഗ്രേഡ് II തസ്തികയിൽ സ്ഥിരപ്പെടുത്തുന്നത് സംബന്ധിച്ചുള്ളതാണ് കുറിപ്പിലെ വിഷയം.

2) 10 വർഷത്തിൽ കൂടുതലായി കെ.എഫ്.ഡി.സി-യിൽ സേവനമനുഷ്ഠിച്ചുവരുന്ന ശ്രീ.റിനു.വി.ഒ., ശ്രീമതി സിന്ധു പി.എം. എന്നിവരെ ജോലിയിൽ സ്ഥിരപ്പെടുത്തുന്ന വിഷയത്തിൽ സമർപ്പിക്കപ്പെട്ട അപേക്ഷകൾ കോർപ്പറേഷന്റെ 28/11/2019-ൽ നടന്ന 202-ാമത് ഡയറക്ടർ ബോർഡ് യോഗം പരിഗണിക്കുകയും ഇരുവരെയും സർവ്വീസിൽ സ്ഥിരപ്പെടുത്തുന്ന വിഷയത്തിൽ സർക്കാരിലേക്ക് ശുപാർശ സമർപ്പിക്കുവാൻ തീരുമാനിക്കുകയുമുണ്ടായി.

3) കേരള വന വികസന കോർപ്പറേഷനിൽ വളരെ സത്യസന്ധതയോടെയും തികഞ്ഞ കാര്യക്ഷമതയോടും 10 വർഷത്തിൽ കൂടുതലായി ദിവസവേതനത്തിൽ ജോലി ചെയ്തുവരുന്ന ശ്രീ.റിനു.വി.ഒ, ശ്രീമതി. സിന്ധു പി.എം എന്നിവർക്ക് സർക്കാർ ജോലിക്ക് അപേക്ഷിക്കുന്നതിനുള്ള പ്രായപരിധി അധികരിച്ചിട്ടുള്ള സാഹചര്യത്തിൽ ടി ദിവസ വേതന ജീവനക്കാരെ സ്ഥിരപ്പെടുത്തണമെന്നും, കേരള വന വികസന കോർപ്പറേഷൻ സർവ്വീസ് റൂൾ പ്രകാരം ഇവർ പ്യൂൺ തസ്തികയിൽ നിയമനത്തിന് യോഗ്യരാണെന്നും, കേരള വന വികസന കോർപ്പറേഷൻ മാനേജിംഗ് ഡയറക്ടർ റിപ്പോർട്ട് ചെയ്തിരുന്നു. പ്രസ്തുത താൽക്കാലിക ജീവനക്കാരുടെ വിദ്ധ്യാഭ്യാസ യോഗ്യതയും മറ്റ് വിശദവിവരങ്ങളും ചുവടെ കാണും പ്രകാരമാണ്;

| ക്രമ. നം | പേര്, അഡ്രസ് | തസ്തിക | വിദ്ധ്യാഭ്യാസ യോഗ്യത | ജനന തീയ്യതി & വയസ് | താത്ക്കാലിക സേവന കാലം മെയ് 2020 വരെ |
|---|---|---|---|---|---|
| 1) | ശ്രീ. റിനു വി.ഒ, മണലിത്തട്ട് വീട്, ചാണി, കാഞ്ഞിരം കുളം പി. ഒ, തിരുവനന്തപുരം. | പ്യൂൺ ഗ്രേഡ് -2 | 7-ാം ക്ലാസ്സ് | 28/05/1980 (40 വയസ്) | 17 വർഷം |
| 2) | ശ്രീമതി. സിന്ധു പി. എം, പാറേമാക്കൽ, ആനിക്കാട്, പള്ളിക്കത്തോട് പി. ഒ, കോട്ടയം. | പ്യൂൺ ഗ്രേഡ് -2 | ബിരുദം (BSc) | 01/01/1974 (46 വയസ്) | 11 വർഷം 8 മാസം |

4) 30/07/1976-ലെ സ.ഉ (എം.എസ്) നമ്പർ 246/76/പി.ഡി പ്രകാരം കേരള വനവികസന കോർപ്പറേഷനിലെ നിയമനങ്ങൾ കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ മുഖേനയാണ് നടത്തിവരുന്നത്. 24/06/1986-ലെ സ.ഉ (എം.എസ്) നമ്പർ 59/1986/വനം, 19/04/2005-ലെ സ.ഉ. (എം.എസ്) നമ്പർ.34/2005/വനം എന്നീ ഉത്തരവുകൾ പ്രകാരം കെ.എഫ്.ഡി.സി സർവ്വീസ് റൂൾ സർക്കാർ അംഗീകരിക്കുകയും സ്റ്റാഫ് ഘടന ഫിക്സ് ചെയ്യുകയും ചെയ്തിട്ടുണ്ട്. എന്നാൽ ഈ സാഹചര്യം നിലനിലനിൽക്കെത്തന്നെ 01/03/2011-ലെ സ.ഉ.(എം.എസ്)16/2011/വനം പ്രകാരം കേരള വനം വികസന കോർപ്പറേഷനിൽ 13 താത്ക്കാലിക ജീവനക്കാരെ സ്ഥിരപ്പെടുത്തുകയും ചെയ്തിട്ടുണ്ട്.

5) മേൽ സാഹചര്യത്തിൽ, ശ്രീ.റിനു.വി.ഒ-യെ സർവ്വീസിൽ സ്ഥിരപ്പെടുത്തുന്ന വിഷയത്തിൽ ആസൂത്രണ സാമ്പത്തിക കാര്യ (ബി.പി.ഇ) വകുപ്പിന്റെ അഭിപ്രായം ആരായുകയും പ്രസ്തുത വകുപ്പ്, താഴെ പറയും പ്രകാരം, അഭിപ്രായം അറിയിക്കുകയും ചെയ്തു.

> "കേരള സ്റ്റേറ്റ് ഫോറസ്ററ് ഡെവലപ്മെൻറ് കോർപറേഷനിൽ ദിവസ വേതനാടിസ്ഥാനത്തിൽ ജോലി ചെയ്തു വരുന്ന ശ്രീ. റിനു.വി .ഒ -യെ കോർപറേഷനിൽ സൂപ്പർന്യൂമററി തസ്തിക സൃഷ്ടിച്ച പ്യൂൺ തസ്തികയിൽ സ്ഥിരപ്പെടുത്തണമെന്ന ഭരണ വകുപ്പിന്റെ ആവശ്യം നിരസിക്കുന്നു. കോർപറേഷന്റെ സ്പെഷ്യൽ റൂൾ പ്രകാരം PSC മുഖേനയാണ് നിയമനങ്ങൾ എന്നിരിക്കെ ഇത്രയും വർഷങ്ങൾ ഇവർ ജോലിയിൽ തുടർന്നതു നിയമാനുസൃതമല്ല. മാത്രമല്ല ഇത്തരത്തിലൊരു തെറ്റായ കീഴ്വഴക്കം ഉണ്ടെന്നും അതിന്റെ അടിസ്ഥാനത്തിൽ ടിയാനും അത്തരം നിയമനം നൽകണമെന്നതു അംഗീകരിക്കാനാവില്ല. ഇത്തരമൊരു രീതി പിന്തുടരുന്നതിനോട് ഈ വകുപ്പ് ശക്തമായി വിയോജിക്കുന്നതായും അറിയിക്കുന്നു. കോർപറേഷനിലെ നിയമനങ്ങൾ PSC മുഖേന നടത്തുന്നു എന്ന് ഭരണ വകുപ്പ് ഉറപ്പ് വരുത്തേണ്ടതാണെന്നും അറിയിക്കുന്നു."

6) കൂടാതെ, 18/05/2013-ലെ സ.ഉ.(പി)നം.40/2013/സാ.നീ.വ പ്രകാരം 16-8-1999 മുതൽ 31-12-2003 വരെയുള്ള കാലയളവിൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന താൽക്കാലികമായി നിയമിക്കപ്പെടുകയും 179 ദിവസം സേവനം പൂർത്തിയാക്കിയതുമായ അംഗപരിമിതരെ സ്ഥിരപ്പെടുത്തിയത് പോലെ അംഗപരിമിതയും വിധവയുമായ ശ്രീമതി. സിന്ധു പി.എം-നെ സ്ഥിരപ്പെടുത്തുന്ന വിഷയത്തിൽ ആസൂത്രണ സാമ്പത്തിക കാര്യ (ബി.പി.ഇ) വകുപ്പിന്റെ അഭിപ്രായം ആരാഞ്ഞപ്പോൾ, പ്രസ്തുത വകുപ്പ് താഴെപ്പറയും പ്രകാരവും ഉപദേശം നൽകിയിട്ടുണ്ട്:-

> "പൊതുമേഖലാസ്ഥാപനങ്ങളിലെ താല്ക്കാലിക നിയമനങ്ങൾ സ്ഥിരപ്പെടുത്തുന്നത് സർക്കാർ നയമല്ല. മാത്രമല്ല ഇത്തരം നിയമനങ്ങൾക്കെതിരെ ധനവകുപ്പിന്റെ നിർദ്ദേശം നിലനില്ക്കുന്നുണ്ട്. കൂടാതെ ഈ വിഷയത്തിലുള്ള സുപ്രീംകോടതി വിധിയും പാലിക്കപ്പെടേണ്ടതുണ്ട്. 16-08-2009 മുതൽ 31-12-2003 വരെ എപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന നിയമിതരായ വികലാംഗരെയാണ് സാമൂഹ്യനീതി വകുപ്പിന്റെ ഉത്തരവു പ്രകാരം സൂപ്പർ ന്യൂമററി തസ്തിക സൃഷ്ടിച്ച് സർക്കാർ സർവ്വീസിൽ സ്ഥിരപ്പെടുത്തിയിട്ടുള്ളത്. 04/05/2009 ന് ശേഷം വിവിധ കാലയളവുകളായി എപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന നിയമിതയായ ശ്രീമതി. സിന്ധു.പി.എം-നെ പരാമർശ ഉത്തരവിന്റെ വെളിച്ചത്തിൽ സ്ഥിരപ്പെടുത്താനാവില്ല. ഈ സാഹചര്യത്തിൽ ഭരണ വകുപ്പിന്റെ ആവശ്യത്തോട് ഈ വകുപ്പ് യോജിക്കുന്നില്ലെന്ന് അറിയിക്കുന്നു."

7) ശ്രീമതി സിന്ധു.പി.എം-നെ കെ.എഫ്.ഡി.സി-യിൽ പ്യൂൺ തസ്തികയിൽ ക്രമപ്പെടുത്തി സ്ഥിരനിയമനം നൽകുന്ന വിഷയത്തിൽ ധനകാര്യ വകുപ്പിന്റെ അഭിപ്രായം കൂടി ആരാഞ്ഞപ്പോൾ, പ്രസ്തുത വകുപ്പ് താഴെ പറയും പ്രകാരവും ഉപദേശം നൽകിയിട്ടുണ്ട്:-

"ബഹു. സുപ്രീം കോടതിയുടെ 10/04/2006-ലെ കർണാടക സംസ്ഥാനവും ഉമാദേവിയും കക്ഷികളായ അപ്പീൽ (സിവിൽ) നമ്പർ 3595-3612/1999-മേല്ലുള്ള വിധിന്യായത്തിൽ സർക്കാർ പൊതു മേഖലാ സ്ഥാപനങ്ങളിലെ ദിവസ വേതന / താൽക്കാലിക ജോലിക്കാരെ സ്ഥിര നിയമനത്തിൽ ക്രമീകരിക്കുന്നത് തികച്ചും നിയമവിരുദ്ധമാണെന്നും, 9.10.2006-ന് ശേഷം താൽക്കാലിക ജോലിക്കാരെ ക്രമപ്പെടുത്തരുതെന്നും നിർദ്ദേശിക്കുന്നു. ആയതിനാൽ ശ്രീമതി. സിന്ധു പി.എം-നെ കെ.എഫ്.ഡി.സി-യിൽ പ്യൂൺ തസ്തികയിൽ സ്ഥിരപ്പെടുത്തുന്ന വിഷയത്തിൽ ഭ.വ കു.ഫ Note # 10 ലെ ആസൂത്രണ സാമ്പത്തിക കാര്യ (ബി.പി.ഇ) വകുപ്പിന്റെ അഭിപ്രായത്തോട് യോജിക്കുന്നുവെന്ന് ഭരണ വകുപ്പിനെ അറിയിക്കുന്നു."

8) താത്ക്കാലിക ജീവക്കാർക്ക് സ്ഥിര നിയമനം നൽകുന്നത് സംബന്ധിച്ച്, നിയമവകുപ്പ്, സമനമായ നിരവധി കേസുകളിൽ, അഭിപ്രായം രേഖപ്പെടുത്തിയിട്ടുണ്ട്. അത്തരത്തിൽ ഒരു പരാമർശം ചുവടെ ചേർക്കുന്നു: -

<u>" 613/Opinion-F/2016/Law</u>

36410/WWI/15/Fin

...Therefore, it is clear that the direction in Secretary, State of Karnataka v. Umadevi was only a onetime measure and that this practice of employing persons on daily wage/ ad hoc/ casual for long periods and then periodically regularise them on the ground that they have served for more than ten years was not to be perpetuated by the departments/ instrumentalities any further. This judgment was later followed in various decisions including "State of Jharkhand Vs. Kamal Prasad" AIR 2014 SC (Supp) 390. The administrative Department may take a decision in accordance with the decisions of the Hon'ble Supreme Court cited supra."

9) ശ്രീ.റിനു.വി.ഒ-യെ സ്ഥിരപ്പെടുത്തുന്ന വിഷയത്തിൽ ഫയൽ ബഹു. മുഖ്യമന്ത്രിക്ക് ചംക്രമണം ചെയ്തപ്പോൾ, **അംഗീകൃത തസ്തിക നിലവില്ലുണ്ടോയെന്ന് വ്യക്തമാക്കി മന്ത്രിസഭയുടെ പരിഗണനക്ക് സമർപ്പിക്കുവാൻ ബഹു മുഖ്യമന്ത്രി ഉത്തരവായി.**

10) തുടർന്ന് ശ്രീ.റിനു വി.ഒ-യെയും ശ്രീമതി. സിന്ധു പി. എം-നെയും സ്ഥിരപ്പെടുത്തുന്നത് സംബന്ധിച്ച ഫയലുകൾ യോജിപ്പിച്ച് ഒറ്റ ഫയലാക്കി, രണ്ടുപേരെയും സ്ഥിരപ്പെടുത്തുന്നതിനു അംഗീകൃത തസ്തിക നിലവിലുണ്ടോ എന്ന വിവരം സഹിതം, മന്ത്രിസഭായോഗത്തിനുള്ള കുറിപ്പ് സമർപ്പിക്കുവാൻ ബഹു. വനം വകുപ്പ് മന്ത്രിയും ഉത്തരവായി.

11) കേരള വന വികസന കോർപ്പറേഷൻ മാനേജിംഗ് ഡയറക്ടറുടെ 28/05/2020-ലെ റിപ്പോർട്ട് പ്രകാരം പ്യൂൺ ഗ്രേഡ് II വിഭാഗത്തിൽ കോർപ്പറേഷന് ആകെ 17 തസ്തികകളാണ് അനുവദിച്ചിട്ടുള്ളതെന്നും, അതിൽ 3 വേക്കൻസി നിലവിലുണ്ടെന്നും വ്യക്തമാക്കിയിട്ടുണ്ട്. അതിനാൽ കോർപ്പറേഷനിൽ അനുവദനീയമായ തസ്തിക നിലവിലുണ്ട്.

## തീരുമാനിക്കേണ്ട വിഷയം

കേരള വന വികസന കോർപ്പറേഷനിൽ കഴിഞ്ഞ 10 വർഷത്തിൽ കൂടുതലായി ദിവസവേതനാടിസ്ഥാനത്തിൽ ജോലിചെയ്തു വരുന്ന ശ്രീ.റിനു വി.ഒ (മണലിത്തട്ട് വീട്, ചാണി, കാഞ്ഞിരം കുളം പി.ഒ, തിരുവനന്തപുരം), ശ്രീമതി. സിന്ധു പി.എം (പാറേമാക്കൽ, ആനിക്കാട്, പള്ളിക്കത്തോട് പി.ഒ, കോട്ടയം) എന്നീ രണ്ട് ദിവസവേതന ജീവനക്കാരെ, കേരള വനവികസന കോർപ്പറേഷനിൽ നിലവിൽ ഒഴിവുള്ള അംഗീകൃത പ്യൂൺ ഗ്രേഡ് II തസ്തികയിൽ സ്ഥിരപ്പെടുത്തി ഉത്തരവ് പുറപ്പെടുവിക്കാമോ?